Published on 31-05-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 141

# 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 141

# 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

895/2018.

# 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

1077-ലെ അബ്കാരി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1077-ലെ അബ്കാരി ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2018-ലെ അബ്കാരി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 15എ വകുപ്പിന്റെ ഭേദഗതി.—1077-ലെ അബ്കാരി ആക്റ്റിന്റെ (1077-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 15എ വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(ബി) വകുപ്പിൽ, "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

3. 15ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിന്റെ 15ബി വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(ബി) വകുപ്പിൽ, "ഇരുപത്തിയൊന്ന്" എന്ന വാക്കിനു പകരം "ഇരുപത്തിമൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

895/2018.

4. 57-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 57-ാം വകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ, "ഏതെങ്കിലും ചേരുവയോ" എന്ന വാക്കുകൾക്കു പകരം "സ്റ്റാർച്ച് ഒഴികെയുള്ള ഏതെങ്കിലും ചേരുവയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (എ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) അയാൾ വിൽക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന മദ്യത്തിൽ സ്റ്റാർച്ച് കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുന്നതിന് അനുവദിക്കുകയോ; അല്ലെങ്കിൽ";

(സി) (ഡി) ഖണ്ഡത്തിന് ശേഷം, "അധികാരിതയുള്ള ഒരു കോടതി മുൻപാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ ഇപ്രകാരമുള്ള ഓരോ കുറ്റത്തിനും അഞ്ച് വർഷം വരെയാകാവുന്ന തടവുശിക്ഷയോ അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്" എന്ന വാക്കുകൾക്കു പകരം താഴെപ്പറയുന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്, അതായത്:—

"അധികാരിതയുള്ള ഒരു കോടതി മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ,—

(i) (എഎ) ഖണ്ഡത്തിൻ കീഴിലുള്ള ഒരു കുറ്റം ഒഴികെയുള്ള കുറ്റങ്ങൾക്ക്, അഞ്ചുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ;

(ii) (എഎ) ഖണ്ഡത്തിൻ കീഴിലുള്ള ഒരു കുറ്റത്തിന് ആറുമാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തിയയ്യായിരം രൂപയിൽ കുറയാത്ത പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ,

നൽകി ശിക്ഷിക്കപ്പെടുന്നതാണ്.".

5. 67എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 67എ വകുപ്പിൽ, പട്ടികയിൽ,—

(i) (1)-ാം കോളത്തിൽ, "21" എന്ന അക്കങ്ങൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "23" എന്ന അക്കങ്ങൾ പകരം ചേർക്കേണ്ടതാണ് ;

(ii) (1), (2), (3) എന്നീ കോളങ്ങൾക്ക് കീഴിലെ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് പകരം, യഥാക്രമം, താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "മദ്യത്തിനോടൊപ്പം സ്റ്റാർച്ച് കലർത്തുന്നത്. | 57(എഎ) | 25,000.". |

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2017 ജൂൺ 13-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 43/2017 ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച 2017-2018 വർഷത്തെ സർക്കാരിന്റെ അബ്കാരിനയപ്രകാരം സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. അതിനനുസൃതമായി മദ്യം ഉപയോഗിക്കുന്നതിനും വാങ്ങുന്നതിനുമുള്ള പരമാവധി പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തുവാനും 23 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം വിൽപ്പന നടത്തുന്നത് നിരോധിക്കുവാനും സർക്കാർ തീരുമാനിച്ചു.

2. അബ്കാരി ആക്റ്റിലെ (1077-ലെ 1) 57-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം ഏതെങ്കിലും ലൈസൻസി, അയാൾ വിൽക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന മദ്യത്തിൽ അതിന്റെ യഥാർത്ഥമായതോ പ്രകടമായതോ ആയ ലഹരിസ്വഭാവമോ വീര്യമോ വർദ്ധിപ്പിക്കുവാൻ സാധ്യതയുള്ള ഏതെങ്കിലും ചേരുവ കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുവാൻ അനുവദിക്കുകയോ ചെയ്യുന്നത്, അഞ്ചുവർഷംവരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമായിരുന്നു. അതിനാൽ സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനും മേൽപ്പറഞ്ഞ ശിക്ഷയാണ് വ്യവസ്ഥ ചെയ്തിരുന്നത്. കള്ള് വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും ലൈസൻസികൾക്കും ഇത് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കിയിരുന്നു. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായ മേഖലയിലെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ താരതമ്യേന ഹാനികരമല്ലാത്ത സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനുള്ള ശിക്ഷ ലഘൂകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും പ്രസ്തുത കുറ്റം രാജിയാക്കാവുന്ന ഒരു കുറ്റമായി വ്യവസ്ഥ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ആവശ്യത്തിലേക്ക് അബ്കാരി ആക്റ്റ് (1077-ലെ 1) അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 21-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 21-ാം തീയതിയിലെ 2791-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 38-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 96-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2018-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 336-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 120-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2018-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഏപ്രിൽ 7-ാം തീയതിയിലെ 917-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 20-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2018-ലെ 20-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ടി. പി. രാമകൃഷ്ണൻ.

(ശരിത്തർജ്ജമ)

## അബ്കാരി ആക്റ്റ്, 1077-ലെ 1-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

15 എ. മദ്യത്തിന്റെ ഉപഭോഗത്തിനോ ഉപയോഗത്തിനോ 21 വയസ്സിൽ താഴെയുള്ളവർക്കുള്ള നിരോധനം.—21 വയസ്സിൽ താഴെയുള്ള യാതൊരാളും ഏതെങ്കിലും മദ്യം ഉപഭോഗം നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

15 ബി. 21 വയസ്സിൽ താഴെയുള്ള ആളുകൾക്ക് മദ്യം വിൽക്കുന്നതിനുള്ള നിരോധനം.— മദ്യം വിൽക്കുന്നതിന് ലൈസൻസ് നേടിയിട്ടുള്ള യാതൊരാളും, അത്തരം ലൈസൻസുള്ളയാളുടെ ജോലിക്കാരനായ യാതൊരാളുമോ അല്ലെങ്കിൽ അത്തരം ലൈസൻസുള്ളയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടെ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്നയാളോ ഇരുപത്തിയൊന്ന് വയസ്സിൽ താഴെയുള്ള യാതൊരാൾക്കും മദ്യം വിൽക്കാനോ കൊടുക്കാനോ പാടില്ലാത്തതാകുന്നു.

** ** ** **

57. ലൈസൻസുള്ള വിൽപ്പനക്കാരനോ ഉൽപ്പാദകനോ മായം ചേർക്കുന്നതും മറ്റും.— ഈ ആക്റ്റ് പ്രകാരം മദ്യമോ ഏതെങ്കിലും ലഹരിയുള്ള ഔഷധമോ വിൽക്കുന്നതിനോ ഉൽപ്പാദിപ്പിക്കുന്നതിനോ ഉള്ള ഒരു ലൈസൻസ് കൈവശമുള്ള ഏതൊരാളും,—

(എ) അയാൾ, വിൽക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന മദ്യം അല്ലെങ്കിൽ ലഹരിയുള്ള ഔഷധവുമായി, അപായകരമായ ഔഷധമല്ലാത്ത ഏതെങ്കിലും ഔഷധമോ അല്ലെങ്കിൽ അതിന്റെ യഥാർത്ഥമായ അല്ലെങ്കിൽ പ്രകടമായ ലഹരിസ്വഭാവമോ വീര്യമോ വർദ്ധിപ്പിക്കുവാൻ സാധ്യതയുള്ള ഏതെങ്കിലും ചേരുവയോ അല്ലെങ്കിൽ 29-ാം വകുപ്പ് (കെ) ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടപ്രകാരം സർക്കാർ അപായകരമാണെന്ന് കരുതുന്ന ഒരു വസ്തു ഒഴികെയുള്ള ഏതെങ്കിലും നിരോധിത വസ്തുവോ കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുന്നതിന് അനുവദിക്കുകയോ ചെയ്യുകയും അങ്ങനെ കൂട്ടിക്കലർപ്പുകൊണ്ടുണ്ടായ സാധനം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 272-ാം വകുപ്പുപ്രകാരം മായം ചേർക്കലിനുള്ള കുറ്റമാകാതിരിക്കുകയും; അല്ലെങ്കിൽ

** ** ** **

(ഡി) കുപ്പി, പെട്ടി, പൊതി എന്നിവയോ മറ്റു പാത്രത്തിലോ ഉൾക്കൊണ്ടിരിക്കുന്നത് വിദേശമദ്യമാണ് എന്ന വിശ്വാസം ജനിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി നാടൻമദ്യം ഉൾക്കൊണ്ടിരിക്കുന്ന ഏതെങ്കിലും കുപ്പി, പെട്ടി, പൊതി എന്നിവയിലോ മറ്റു പാത്രത്തിലോ അവയുടെ അടപ്പിലോ അടയാളം ചെയ്തു വിൽക്കുകയോ, സൂക്ഷിക്കുകയോ, ഒരു പ്രവൃത്തി 1958-ലെ ട്രേഡ് ആന്റ് മെർക്കൻഡൈസ് മാർക്ക് ആക്റ്റിലെ 79-ാം വകുപ്പിനു കീഴിൽ

വ്യാജ വ്യാപാര മുദ്രയോ വ്യാജ വ്യാപാര വിവരണമോ ഉപയോഗിച്ച് സാധനങ്ങൾ വിറ്റതായ ഒരു കുറ്റമല്ലാതിരിക്കുമ്പോൾ വില്പനക്കായി പ്രദർശിപ്പിക്കുകയോ ചെയ്താൽ, ഒരു അധികാരിതയുള്ള കോടതിയുടെ മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിൻമേൽ ഇപ്രകാരമുള്ള ഓരോ കുറ്റത്തിനും അഞ്ചുവർഷംവരെ വരാവുന്ന തടവുശിക്ഷയോ, അമ്പതിനായിരം രൂപവരെ വരാവുന്ന പിഴശിക്ഷയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

** ** ** **

"67 എ. <u>കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം</u>.—(1) എക്സൈസ് കമ്മീഷണർക്കോ ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കോ ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും അബ്കാരി ഓഫീസർക്കോ, (1)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് ന്യായമായി സംശയിക്കപ്പെടുന്ന ഏതൊരാളിൽ നിന്നും, ഏതൊരു കുറ്റമാണോ ചെയ്യപ്പെട്ടിട്ടുള്ളത് അത് രാജിയാക്കുന്നതിനായി താഴെ പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക സ്വീകരിക്കാവുന്നതും ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് കണ്ടുകെട്ടുകയോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കയ്യൊഴിക്കുകയോ ചെയ്യേണ്ടതാണ്.

<u>പട്ടിക</u>

| കുറ്റം | ആക്ടിലെ തൽസ്ഥാനീയ വകുപ്പ് | രാജിയാക്കൽ ഫീസ് രൂപയിൽ |
|---|---|---|
| (1) | (2) | (3) |
| വിജ്ഞാപനംവഴി സർക്കാർ നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരി മരുന്നോ പരിവഹണം ചെയ്യുന്നത് | 10 | 5,000 |
| നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരിമരുന്നോ കൈവശം വയ്ക്കുന്നത് | 13 | 5,000 |
| 21 വയസ്സിനുതാഴെ പ്രായമുള്ള ആളുകളുടെ മദ്യം കഴിക്കൽ അല്ലെങ്കിൽ ഉപയോഗം | 15 എ | 5,000 |
| 21 വയസ്സിന് താഴെ പ്രായമുള്ള ആളിന് മദ്യം വിൽക്കുന്നത് | 15 ബി | 5,000 |

| (1) | (2) | (3) |
|---|---|---|
| പൊതുസ്ഥലങ്ങളിൽ വച്ച് മദ്യം കഴിക്കൽ | 15 സി | 5,000 |
| ഈ ആക്റ്റോ, ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചു കൊണ്ട് ഏതെങ്കിലും കള്ളുൽപ്പാദിപ്പിക്കുന്ന വൃക്ഷം ചെത്തുകയോ ചെത്തുവാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55(ഡി) | 10,000 |
| ഈ ആക്റ്റോ, ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചു കൊണ്ട് ഏതെങ്കിലും വൃക്ഷത്തിൽ നിന്നും കള്ള് എടുക്കുകയോ എടുക്കാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55(ഇ) | 10,000 |
| ലൈസൻസിയുടെയും മറ്റും നടപടിദൂഷ്യം | 56 | 25,000 |
| ബിസിനസ്സിന്റെയോ നിർമ്മിക്കുന്നതിന്റെയോ സ്റ്റോക്ക് ചെയ്യുന്നതിന്റെയോ പരിസരങ്ങളിൽവച്ച്, ഉത്തമ വിശ്വാസത്തോടുകൂടിയ ഔഷധക്കൂട്ടുകളൊഴികെയുള്ള മദ്യമോ ലഹരിമരുന്നോ അടങ്ങുന്ന മരുന്നുകളുടെ ഉപഭോഗം | 56 എ (2) | 5,000 |

** ** ** **